പള്ളിക്കത്തെക്ഷേത്രത്തിൽ ൧൦൯൪ വരുന്ന മീനമാസം ൧൫-ാം- കൊടിയേറി തിരുവുത്സവം തുടങ്ങി നടത്തേണ്ട വകക്കു സപ്ലൈ ഉൾപ്പെടുത്തിന വേണ്ട കൊപ്പുകൾ കരാറായി ഏല്പിക്കുന്നതിനു മീനമാസം ൧൦-ാം- കുന്നത്തൂർ താലൂക്കുകച്ചേരിയിൽവച്ചു തഹശീൽദാർ ലേലം വിളിച്ചു ഏല്പിക്കപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

൧. ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും ൫ രൂപാ വീതം ഡിപ്പോസിറ്റ് കെട്ടിവയ്ക്കേണ്ടതും അല്ലാത്തവരെ ലേലത്തിൽ ചേരുവാൻ സമ്മതിക്കുന്നതല്ലാത്തതും ആകുന്നു. ലേലം സ്ഥിരപ്പെട്ടതിന്റെ ശേഷം കരാറു ശരിയായി നടക്കുമെന്നുള്ള ഉറപ്പിനുവേണ്ടി മുമ്പു കെട്ടിയിരിക്കുന്നതു ഉൾപ്പെടെ കരാറുവിലയിൽ പത്തിലൊരു ഭാഗം സംഖ്യ അടുത്ത ദിവസം വൈകുന്നേരത്തിനകം ഹാജരാക്കി ഒടുക്കണം. അല്ലാതെപോയാൽ ആദ്യത്തെ ഡിപ്പോസിറ്റ് സർക്കാരിലേക്കു മുതൽകൂട്ടിക്കുന്നതുകൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചോ മറ്റു വല്ല വിധം വ്യവസ്ഥചെയ്തോ നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുകയും ചെയ്യും. ലാഭം ഉണ്ടായാൽ അതിലേക്കു അവകാശം പറയാവുന്നതല്ലാ. ലേലം സ്ഥിരപ്പെട്ട ഉടനെ ശേഷം കെട്ടിവച്ചിട്ടുള്ള ഡിപ്പോസിറ്റ് തിരിച്ചു കൊടുക്കുന്നതായിരിക്കും. ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ വിവരവും തരവും ലേലസമയം ഹാജരായി ചോദിച്ചാൽ പറയുന്നതാണ്. ആ സാമാനങ്ങൾ കൂടുതൽ കുറവായിട്ടോ ആവശ്യപ്പെടുന്നതു പോലെയോ ഏല്പിക്കേണ്ടതാകുന്നു. ഉത്തരവു വഴി തെളിയപ്പെടുത്തുന്നതുപോലെ മുച്ചീട്ടിൽ ഉടമ്പടി എഴുതിവയ്ക്കയും ചെയ്യണം.

൨. അതാതു തവണയ്ക്കുള്ള സാമാനങ്ങളെ പള്ളിക്കത്തെക്ഷേത്രത്തിൽ ഉത്സവകാലവാവിലും മറ്റും അതിലേക്കു നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തും കൊണ്ടുചെന്നു കീഴ്നടപ്പനുസരിച്ചു അളന്നും തൂക്കിയും എണ്ണിയും ഏല്പിച്ചു പ്രമാണം വാങ്ങിച്ചുകൊള്ളണം. സാമാനങ്ങൾ മുഴുവനും ഏല്പിച്ചുതീർന്ന ഉടനെ അതിലേക്കുള്ള പണം വാങ്ങിച്ചുകൊള്ളേണ്ടതും കണക്കുതീർത്തു ഡിപ്പോസിറ്റ് തിരിച്ചു കൊടുക്കുന്നതും ആകുന്നു.

൩. ഏതെങ്കിലും സാമാനങ്ങളെ അതാതു അവധിക്കു ശരിയായും ഏല്പിക്കാതെയിരിക്കയോ കരാറുകാരന്റെ വീഴ്ചയിനാലോ വല്ല തകരാറുകളും നേരിടുകയോ ചെയ്താൽ അതിൽ വച്ചുണ്ടാകുന്ന നഷ്ടങ്ങൾക്കു കരാറുകാരൻ ഉത്തരവാദിയായി തീരുന്നതാണ്. ഈ സംബന്ധമായി ഉണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ഡിപ്പോസിറ്റിന്മേലും മറ്റു വസ്തുവിലും പ്രവേശിച്ചു ഈടാക്കുന്നതായിരിക്കും. സാമാനങ്ങൾ എല്ലാം ഒന്നിച്ചോ പ്രത്യേകം പ്രത്യേകമായിട്ടോ ലേലം വിളിപ്പിച്ചു കൊടുക്കുന്നതും ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിന്റെ ഇഷ്ടംപോലെ ആയിരിക്കയും ചെയ്യും എന്നു ൧൦൯൪-ാമാണ്ടു കുംഭമാസം ൭-ാം-

ദിവാൻപേഷ്കാർ രാജാരാമരായർ,

കോട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

ചങ്ങനാശേരി താലൂക്കിൽ ചെന്നവാഴപ്പള്ളി ക്ഷേത്രത്തിൽ വരുന്ന മീനമാസം ൪-ാം- കൊടിയേറി ഉത്സവം തുടങ്ങി നടക്കേണ്ടതു പ്രമാണിച്ചു വിലയ്ക്കുവാങ്ങി ഏല്പിച്ചു വരുന്നതായ സാമാനങ്ങൾ കരാറു കൊടുക്കുന്നതിനു വരുന്ന മീനമാസം ൧-ാം- പകൽ ൧൧ മണി മുതൽ ൪ മണിവരെ കോട്ടയത്തു ഡിവിഷൻ കച്ചേരിയിൽ വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും ൫ രൂപാ വീതം ഡിപ്പോസിറ്റ് വെക്കേണ്ടതും അല്ലാത്ത പക്ഷം ലേലത്തിൽ ചേർക്കുന്നതല്ലാത്തതുമാകുന്നു. ലേലം സ്ഥിരപ്പെട്ടാൽ ഉടനെ സ്ഥിരപ്പെട്ടവരുടെ തുക ഒഴികെ ശേഷം പേരുടെ രൂപാ തിരിച്ചു കൊടുക്കുന്നതാണ്. സ്ഥിരപ്പെട്ടയാൾ കരാറു ശരിയായി നടത്തുമെന്നുള്ള ഉറപ്പിനുവേണ്ടി മുമ്പു ഹാജരാക്കിയതുൾപ്പെടെ കരാറുവിലയിൽ പത്തിലൊരുഭാഗം സംഖ്യ അടുത്ത ദിവസം വൈകുന്നേരത്തിനകം കെട്ടിവെക്കണം. അങ്ങനെ ചെയ്യാതെയിരുന്നാൽ ആദ്യ ഡിപ്പോസിറ്റ് സർക്കാരിലേക്കു മുതൽ കൂട്ടുന്നതുകൂടാതെ ലേലം വിളിപ്പിച്ചോ മറ്റു വല്ല വിധം വ്യവസ്ഥ ചെയ്യുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കരാറുകാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു. ലാഭം ഉണ്ടായാൽ അവകാശപ്പെടുന്നതുമല്ലാ.

൧. ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ സംഖ്യയും തരവും അറിയേണമെന്നുണ്ടായിരുന്നാൽ താലൂക്കു കച്ചേരിയിൽ ഹാജരായി ചോദിച്ചാൽ പറയുന്നതാണ്. സാമാനങ്ങൾ കൂടുതലായോ കുറവായോ ആവശ്യപ്പെടുന്നതു പോലെ ഏല്പിക്കണം. ടി വകക്കു ആവശ്യപ്പെടുന്ന സാമാനങ്ങൾ ദേവസ്വം കലവറ സ്ഥലത്തു അളന്നും തൂക്കിയും എണ്ണിയും ഏല്പിക്കണം.

൨. ഒരു തവണക്കുള്ള സാമാനങ്ങളെ എല്ലാം ഏല്പിച്ചു തീർന്നാൽ അതിലേക്കുള്ള കണക്കു തീർത്തു തിരുവ വരുന്നതായ പണം മുഴുവനും രണ്ടു ദിവസത്തിനകം കൊടുക്കയും ടി ക്രമത്തിനു അനുസരണമായി നടക്കയും ചെയ്യുന്നതും ഒടുക്കത്തെ തവണക്കുള്ള സാമാനങ്ങൾ ഏല്പിച്ചു തീർന്നാൽ എല്ലാ കണക്കുകളും സമാപ്തമാക്കി തീർത്താൽ പിന്നെ ഡിപ്പോസിറ്റ് തിരിച്ചു കൊടുക്കുന്നതുമാകുന്നു. എന്നു ൧൦൯൪-ാമാണ്ടു കുംഭമാസം ൩-ാം-

ദിവാൻപേഷ്കാർ എസ്. പത്മനാഭയ്യർ.

നമ്പർ ൨൭

ചിറയിൻകീഴ് താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

വർക്കല ക്ഷേത്രത്തിൽ വരുന്ന മീനമാസത്തിൽ നടക്കുന്ന ഉത്സവം മുതലായതിന്നു വേണ്ടുന്ന ശർക്കര ക്ഷേത്രത്തിൽ ശിവരാത്രിയും, തിരുവാറാട്ടുകാവു ക്ഷേത്രത്തിൽ മീനഭരണി ഉത്സവത്തിൽ പുറംകളിയും ആഘോഷങ്ങളും പ്രമാണിച്ചു സദ്യ ഉൾപ്പെട്ട വകകൾക്ക വേണ്ടുന്ന സാധനങ്ങൾ കൊള്ളുന്നതിനു കീഴ്നടപ്പുപ്രകാരം കരാറുകാരെ ഏർപ്പെടുത്തുന്നതിന്നു ഈ വരുന്ന മീനമാസം ൧൦-ാം നു ലേലാവധി നിശ്ചയിച്ചിരിക്കുന്നതിനാൽ മനസ്സുള്ള ആളുകൾ അവധിദിവസം പകൽ ൧൨ മണിക്ക ഈ കച്ചേരിയിൽ ഹാജരായി കൂടുതൽ തുകക്ക വിളിക്കേണ്ടതാകുന്നു.

ഇതിൽ വർക്കല ക്ഷേത്രത്തിലേക്ക മാത്രം അരിയും മറ്റും അധികാരത്തിൽ നിന്നും വാങ്ങിച്ചു അരി മുതലായതു വകയാക്കി ഏല്പിക്കുന്നതിന ചട്ടപ്പടി കരാറുപടി ഉൾപ്പെട്ട വകയിലും മൂന്നു സ്ഥലത്തെ കൊപ്പുകൾക്ക നിരക്ക നിലയിലോ കുറച്ചു കൂടുതലായി ഏല്പിച്ചവരുടെ മേൽ ലേലം ക്രമപ്രകാരം സ്ഥിരപ്പെടുത്തുന്നതാണ്.

ഈ വകക്ക ആദ്യമായി ലേലത്തിൽ ചേരുന്നതിനു മുമ്പായി കെട്ടിവെക്കേണ്ടതും അപ്രകാരം ചെയ്യാത്തവരെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകുന്നു.

ലേലത്തിൽ കൊള്ളുന്ന ആളുകൾ ലേലം സ്ഥിരപ്പെട്ട ഉടനെ വർക്കല അരിക്ക ൩൦ രൂപായും ചിറയിൻകീഴ് കൊപ്പിനു ൫൦ രൂപായും ശർക്കര, തിരുവാറാട്ടുകാവു ഈ സ്ഥലങ്ങൾക്ക ൨൫ രൂപാ വീതവും ഡെപ്പാസിറ്റു വച്ചു അവരുടെ സ്വന്ത ചിലവിന്മേൽ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതിവെക്കേണ്ടതുമാകുന്നു.

അങ്ങിനെ ചെയ്യാതിരുന്നാൽ ആവർത്തിച്ചു ലേലം ചെയ്യുന്നതിനും അതിനാലുണ്ടാകുന്ന നഷ്ടത്തിനും ആദ്യലേലക്കാരനിൽ നിന്നും ഈടാക്കുന്നതിനു പുറമെ ലേലത്തിൽ ചേരുന്നതിന കെട്ടിയ രൂപാ പിഴയായി എടുക്കുന്നതിനും ഇടവരുന്നതാണ്.

രണ്ടാമത്തെ ലേലത്തിൽ കൂടുതൽ വരുന്ന സംഖ്യ ആദ്യലേലക്കാരനു അവകാശപ്പെടുന്നതും അല്ലാ ലേലം അവസാനിച്ച ഉടനെ ലേലം സ്ഥിരപ്പെടാത്തവരുടെ രൂപാ ഉടനെ തിരിച്ചു കൊടുക്കുന്നതും സ്ഥിരപ്പെട്ടവരുടെ രൂപാ ഡെപ്പാസിറ്റു വകക്ക വയ്ക്കുന്നതും ആകുന്നു.

വർക്കല അരിയും, കൊപ്പുകൾക്കും, ശേഷം സ്ഥലങ്ങളിലെ കൊപ്പുകൾക്കും, പ്രത്യേകം പ്രത്യേകമായിട്ടോ, ഒന്നായോ ലേലം വിളിക്കുന്നതു, ഏല്പിടുന്നവരെ അപ്രകാരം തന്നു കൊടുക്കുന്നതും അപ്പോഴത്തെ യുക്തംപോലെയും ലേലക്കാരെ അനുസരിച്ചും ആയിരിക്കും.

ഇതിൽ കൂടുതലായി വല്ല വിവരവും അറിയേണ്ട ആവശ്യമുള്ളവർ ഈ കച്ചേരിയിൽ ഹാജരായി അറിഞ്ഞു കൊള്ളേണ്ടതാകുന്നു. എന്നു

൧൦൭൮ കുംഭം ൨൬-

തഹശീൽദാർ കെ. ഗോവിന്ദപ്പിള്ള.

Notice of auction sale of certain lands.

നമ്പർ ൪൨൦

തിരുവനന്തപുരം താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തോന്നയ്ക്കൽ അധികാരത്തിൽ ചേർന്ന തോന്നയ്ക്കൽ പകുതിയിൽ സർവ്വെ ... നമ്പർ കാട്ടിൽ പെട്ട ... ഏക്കർ ... സെന്റ സ്ഥലത്തിനു ... പേരുടെ അപേക്ഷ ... എഴുതി അയച്ചതിന ലേലത്തിനു തിട്ടപ്പെടുത്തി എഴുതിവന്നിരിക്കുന്നതിനാൽ ഈ വരുന്ന മീനമാസം ൨൭-ാം മുതൽ ... സ്ഥലത്തുവച്ചു ഒന്നായോ പ്രത്യേകം പ്രത്യേകമായോ ലേലത്തിനു വിളിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതും ലേലത്തിനു വിളിക്കപ്പെടാൻ മനസ്സുള്ള ആളുകൾ അവധിദിവസങ്ങളിൽ ഹാജരായി വിളിച്ചുകൊള്ളേണ്ടതും ആകുന്നു.

കൂടുതൽ തുകക്ക ലേലം വിളിക്കുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും

ലേലത്തിനു തിട്ടപ്പെടുന്ന തുകയിൽ നാലിൽ ഒരുഭാഗം സംഖ്യ ഉടനെയും ശേഷം ... അനുവദിച്ച ഉത്തരവുണ്ടായി തെറ്റപ്പെടുത്തുന്നതു പ്രകാരവും കെട്ടിവെക്കേണ്ടതാകുന്നു.

അതല്ലാതെ ആവർത്തിച്ചു ലേലം ചെയ്യേണ്ടിവരികയാണെങ്കിൽ ആദ്യം കെട്ടിവച്ചിട്ടുള്ള തുകയെ മുതൽക്കൂട്ടുന്നതു കൂടാതെ ആവർത്തന ലേലത്തിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനുകൂടി ആദ്യലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു.

ആവർത്തന ലേലത്തിൽ കൂടുതൽ വന്നാൽ ആദ്യലേലക്കാരനു അവകാശവും ഇല്ലാ എന്നു

൧൦൭൮ മാണ്ടു കുംഭമാസം ൨൬-

ഒന്നാം തഹശീൽദാർ, സി. ഗോവിന്ദപ്പിള്ള.

നമ്പർ ൧൨൨൯.

മീനച്ചൽ താലൂക്ക കച്ചെരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഏഴാമിടത്തിൽ പകുതിയിൽ തിരുനാട്ട ദേവസ്വംവക പുത്തൻപുരയിടവക തെക്കെക്കര മുറിയിൽ മുണ്ടക്കൽപുരയിടം ൬൦ പറ ചെരിക്കൽ ഹജൂർ നമ്പ്ര ൬൦൨൭ാം നമ്പരിൽ ൧൦൨൭ാമാണ്ട മെടമാസം ൧൦ാം- എഴുതിയിട്ടുള്ള ഉത്തരവു അനുസരിച്ച ഒരുപ്പൂവാക്ക ൬ പറ ൭ ഇടങ്ങഴി നിലവും പാട്ടമായി ൧൦൭ കൊല്ലത്തെക്ക പുത്തൻപുരയിടവക വടക്കെ മുറിയിൽ പുതിയെടത്തു ശങ്കരൻ അയ്യപ്പൻ കൈവശത്തിലുള്ള കാലാവധി ഈയാണ്ട മെടമാസം വരെകൊണ്ട കഴിയുന്നതിനാൽ മെൽപ്പറഞ്ഞ ചെരിക്കൽ ൬൦ പറയും ൧൧ കൊല്ലത്തെക്ക ലെലം ചെയ്തു ആളെപ്പെടുത്തുവാനും വരുന്ന മീനമാസം ൧൫ാം- വ്യാഴം ൧൦ാം- സ്ഥലത്തും ൧൦ാം- ൧൦ാം കച്ചെരിയിലുംവച്ച ലെലം ചെയ്യുന്നതിനും നിശ്ചയിച്ചിരിക്കകൊണ്ട ലെലത്തിൽ വിളികൊള്ളുവാൻ മനസ്സുള്ള ആളുകൾ അതാതു സ്ഥലത്തു ഹാജരായി വിളിക്കെണ്ടതും കൂടുതൽ സംഖ്യക്ക ഏറ്റുകൊള്ളുന്നവരുടെ മെൽ ടി വിലത്തെ ദിവസം താലൂക്കിൽവച്ച ലെലം സ്ഥിരപ്പെടുത്തുന്നതും അവർ മൊത്തത്തെ പാട്ടസംഖ്യ ഡെപ്പാസിറ്റായി ഉടനെ കെട്ടിവെക്കെണ്ടതും അനുവദിച്ച ഉത്തരവുണ്ടായി തെയ്യാറാക്കുന്നതുപൊലെ മുച്ചിലക്കയിൽ ഉടമ്പടിവച്ച നടക്കെണ്ടതും അപ്രകാരം ചെയ്യാതെ ഇരുന്ന ആവൎത്തിച്ച ലെലത്തിന ഇടയാക്കിയാൽ അതിലവച്ചുണ്ടാകുന്ന നഷ്ടങ്ങൾക്ക ആദ്യ ലെലക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം വരുന്ന പക്ഷം അതിലെക്ക അവകാശം പറഞ്ഞുകൂടാത്തതും പാട്ടസംഖ്യ അതാതു ആണ്ട തുലാം വൃശ്ചികം ഈ മാസങ്ങളിൽ കൊന്ന പ്രവൃത്തിയിൽ ഹാജരാക്കി ഒടുക്കെണ്ടതും കാലാവധിക്കുള്ളിൽ ഈ ചെരിക്കലുകളെ സംബന്ധിച്ച ഗവൎമ്മെണ്ടിലെക്ക മറ്റു കൂടുതൽ സ്ഥിതിയിൽ വെറെ വല്ല വ്യവസ്ഥകളും നിശ്ചയിച്ച സൎക്കാരിൽ നിന്നും പ്രവെശിക്കണമെന്ന വിചാരിക്കുന്നതായാൽ ആ സമയം നടന്നിടത്തൊളം കാലത്തെ പാട്ടം തിട്ടപ്പെടുത്തി ഒഴിപ്പിക്കുന്നതും ആകുന്നു.

൧൦൨൭ാമാണ്ട കുംഭമാസം ൩൦ാം-

തഹശീൽദാരു നാരായണയ്യൻ.

നമ്പർ ൧൨൩൦.

അമ്പലപ്പുഴ കണ്ടുകൃഷി കച്ചെരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കിടങ്ങറാ നെല്ലുര വകയായി വെളിയനാട പ്രവൃത്തിയിൽ ടി മുറിയിൽ കൊച്ചുപുത്തൻപുരയ്ക്കൽ തൊമ്മൻ മാണിക്ക നടപ്പുള്ള കൊറവക്കാക്കൽ പാടത്തു ൩൧൨ പറ രണ്ടരയും പുന്നക്കപ്പുറം പാടത്തു ൨൫ പറ അഞ്ചും കൊവിൽവട്ടം പാടത്തു ൧൨൫ പറ ഏഴും ഇങ്ങനെ ൪൬൨ പറ നാലര ഇടങ്ങഴി നിലവും അതിലെക്ക ആണ്ടൊന്നിന ൩൦൧ പറ മുക്കാൽ ഇടങ്ങഴി നെല്ലും ൩൫ രൂപായും ൩൦ പണവും കരമുള്ളതായും നിലം തിട്ടപ്പെടുത്തി കരക്കൂട്ടതലും ആകയാൽ മെലാൽ നടന്ന കരം തീൎപ്പാൻ കഴിയുന്നതല്ലെന്നും ആണ്ടൊന്നുക്ക ൧൦൦ പറ നെല്ലു കരമായി പതിച്ചു കൊടുക്കണമെന്നും ബൊധിപ്പിച്ച വിചാരണനടത്തി എഴുതി ബൊധിപ്പിച്ച എഴുതി അയച്ചിരുന്നതിന പരസ്യംചെയ്തു ആയതൊട്ട കരത്തിന ആളെപ്പെടുത്തി എഴുതി ബൊധിപ്പിക്കണമെന്നും മറ്റും ഹജൂർനിന്ന രായസംവക ൩൯൯൧ാമത നമ്പരിൽ വൃശ്ചികമാസം ൩൧ാം- എഴുതിയ സാധനത്തെപ്പറ്റി ൧൧൨൮ാമത നമ്പരിൽ വൃശ്ചികമാസം ൩൯ാം- എഴുതിയ ഉത്തരവു വന്നിരിക്കുന്നതും വിവരം സ്ഥലത്തും താലൂക്കുകളിലും പരസ്യം ചെയ്തിട്ടും ആളെപ്പെട്ടിട്ടില്ലാത്തതും ആകകൊണ്ട ഈ പരസ്യം ചെയ്യുന്ന നാൾ മുതൽ മൂന്ന മാസത്തിനകം തൊമ്മൻ മാണി ഏല്പിട്ടതിൽ കൂടുതൽ തുകയ്ക്കു ആയതൊട്ട കരത്തിന്നു പിടിച്ചു നടപ്പാൻ മനസ്സുള്ള ആളുകൾ ഈ കച്ചെരിയിൽ ഹാജരായി അപെക്ഷിക്കെണ്ടതാകുന്നു എന്ന

൧൦൨൭ കുംഭം ൭ാം-

തഹശീൽദാർ കൃഷ്ണപിള്ള.

TRAVANCORE P. W. D.

Muvattupuzha Division.

Notice inviting tenders for work.

Tenders are invited for the execution of the following work.

Description.—Constructing English High School, Parur.

Locality.—Parur.

Tenders, sealed and endorsed as such, should be delivered at the office of the undersigned on or before the 10th March 1903 / 3rd Fanguni 1078 on which day they will be opened by the undersigned at his office. Each Tender should be accompanied by earnest money, Rs. 300 in cash, or currency note and should state the date of completion of the work.

The successful Tenderer will, before signing the Agreement and commencing work and within a week after the acceptance of his Tender has been intimated to him, have to deposit a sum of equivalent to 2½ per cent. of the probable value of contract as security for the proper fulfilment of the same less, of course, the amount of earnest money deposited by him. If he fails to do this the earnest money will be forfeited to Government and the contract put up to auction again. If it results in any loss to Government the same will be recovered from him in due course; but should the contract be given to another contractor at a profit to Government the original contractor shall have no claim whatever to the profit.

A contractor should tender for all the items of work noted below and should deposit earnest money Rs. 300.

The acceptance of the Tender rests with the Chief Engineer, subject to the approval of Government who does not undertake to accept the lowest or any particular Tender.

The Department reserves to itself the right of putting the contract for this work up to auction, or of carrying out the work in any manner different from the terms of this invitation that may be thought fit, subsequent to the receipt of Tenders. Under no circumstances will the stamp or Tender fees be refunded.

Drawings connected with the work can be seen at the office of the Chief Engineer on any office day during office hours. Specification of work to be done and conditions of contract to be entered into may be seen at the office either of the Chief Engineer or the undersigned on office days during office hours.

Printed forms of Tender can be obtained from the undersigned *at a cost* of one chuckram each. Tenders not on printed form will not necessarily be entertained.

Any further information necessary can be obtained at the office of the undersigned.

No tender registered by Post or Anchal shall be accepted, unless it is followed by the earnest money noted above and at the same time reach this office on or before the prescribed day.

Units for which rates should be quoted in Tender.	Description of work.		Approximate quantities of work to be done.			
			School.	Tiffin sheds.	Well.	Sinking well.
1000 c. ft.	Earthwork Excavations	c. ft...	15,719	...	1,272	
100 c. ft.	Concrete in mortar	... c. ft...	6,300	609	314	
100 c. ft.	Laterite in mortar	... c. ft...	22,305	1,199	1,759	
[illegible]	[illegible] ...ment	... c. ft...	11,264	..	[illegible]	
1000 c. ft.	Filling in basement	... c. ft...	610	[illegible]	[illegible]	
100 c. ft.	Flat arch work	... [illegible]	[illegible]	..	...	
1 c. ft.	Granite stone work two line dressed...	c. ft...	61	...	...	
100 s. ft.	Flooring with Quilon tiles ...	s. ft...	10,058	...	...	
100 s. ft.	Roofing with teak rafters, reepers, reeper nails and Mangalore Pattern tiles &c., complete ...	s. ft...	14,876	714	...	
1 R. ft.	Ridge, Hip, Valley tiles ...	R. ft...	750	22	...	
100 s. ft.	Ceiling with ½" teak planks...	s. ft...	7,714	...	...	
1 c. ft.	Wood work Teak wood wrought and put up...	c. ft...	644	41	11	
Each	King post Trusses 28 ft. clear span...	No...	27	...	...	
Pairs	Barge board for main Upper Gable...	Pairs..	5	...	...	
Pairs	Barge board for Verandah Gable...	Pairs.	7	...	...	
Each	Gable board for Do. ...	No...	7	...	...	
Each	Ornamental wooden finial large...	No...	5	...	...	
Each	Do. Do. small ...	No...	7	...	...	
Pairs	Brackets for Verandah Posts..	Pairs.	77	...	...	
1 s. ft.	Movable wooden partition to separate class in the main Hall ...	s. ft...	1,680	...	...	
Each	Ornamental arch board for Verandah Gable...	No...	7	...	...	
Each	Door Ledge Batten 4'×7' ...	No...	26	...	...	
Each	Windows Batten 3½×4½ ...	No...	32	...	...	
Each	Ventilators glazed 1½'×2½'...	No...	10	...	...	
100 s. ft.	Plastering with chunnam two coats...	s. ft...	18,289	1,572	...	
Each	Boundary stones ...	No...	5	...	...	
Each	Date stone ...	No...	1	...	...	
100 s. ft.	Wood oiling ...	s. ft...	19,413	...	...	
100 s. ft.	Painting wood work ...	s. ft...	5,295	...	...	
Each	Door Diagonal batten 3'×6'..	No...	1	1	...	
Each	Windows Do. 3'×4'..	No...	...	3	...	
Each	Barge board 20ft. long ...	No...	...	2	...	
Each	Do. 23ft. long ...	No...	...	2	...	
100 s. ft.	Plastering with Portland cement...	s. ft...	...	...	835	

(Signed) K. R. RENGASWAMY AIYANGAR,
Assistant Engineer,
Muvattupuzha Division.

29-1-03.

C. A. SMITH,
Chief Engineer.

19-2-03.

തിരുവിതാംകൂർ പി. ഡബ്ലിയു. ഡി.
മൂവാററുപുഴ ഡിവിഷൻ.

വെലയ്ക്കു ദർഖാസുകൾ ക്ഷണിക്കപ്പെടുന്ന നൊട്ടീസ.

താഴെ പ്രസ്താവിക്കുന്ന വെല ചെയ്യുന്നതിനു ദർഖാസുകൾ ആവശ്യപ്പെടുന്നു.

വെല വിവരം—പറവൂർ ഇംഗ്ലീഷു പള്ളിക്കൂടം കെട്ടുന്ന വെല.

സ്ഥലം—പറവൂർ.

ദർഖാസിന്റെ ഉദ്ദേശ്യം ഇന്നകാര്യത്തിനെന്നു എഴുതിയും താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആപ്പീസിൽ [illegible] മുമ്പായി എത്തിക്കെണ്ടതും ആ ഉദ്യോഗസ്ഥൻ തന്റെ ആപ്പീസിൽ വച്ചു അന്നുതന്നെ അവയെ പൊട്ടിച്ചു നൊക്കുന്നതും ആകുന്നു. ഓരോ ദർഖാസിനോടുകൂടി [illegible] ൩൦൦ രൂപാ നാണയമായിട്ടൊ കറൻസി നോട്ടായിട്ടൊ അയക്കെണ്ടതും വെല ഇന്ന ദിവസം തീർത്തുകൊടുക്കാമെന്നുള്ളതു കാണിച്ചിരിക്കെണ്ടതും ആകുന്നു.

സ്വീകരിക്കപ്പെട്ട ദർഖാസുകാരൻ തന്റെ ദർഖാസു സ്വീകരിക്കപ്പെട്ട വിവരം തന്നെ തെര്യപ്പെടുത്തിയ തീയതി മുതൽ ഒരാഴ്ചവട്ടത്തിനകവും ഉടമ്പടി എഴുതിവച്ചു വെല ആരംഭിക്കുന്നതിനു മുമ്പിലും ആയിട്ടു വെല ശരിയായി ചെയ്തുതീർക്കാമെന്നുള്ളതിലെക്കു ജാമ്യമായി ജാമ്യ ഉടമ്പടിയുടെ ഉദ്ദേശം ആകുന്നതായാൽ ൫൦൦ രൂപാ വീതമുള്ള തുക താൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം കഴിച്ചു കെട്ടിവെക്കെണ്ടതും ആകുന്നു. ഇങ്ങനെ ജാമ്യം കെട്ടിവെക്കാതെ ഇരുന്നാൽ താൻ നിരതദ്രവ്യമായി അടച്ച തുക സർക്കാരിലെക്കു മുതൽ കൂട്ടുന്നതും കണ്ട്രാക്ടു വീണ്ടും ലെലം വിളിക്കുന്നതും ആകുന്നു. ഇങ്ങനെ വീണ്ടും ലെലം വിളിക്കുന്നതിൽ സർക്കാരിലെക്കു ഏതെങ്കിലും നഷ്ടത്തിനു ഇടയാകുന്നതായാൽ ആ നഷ്ടം ആയാളിൽനിന്നും ക്രമപ്രകാരം ഈടാക്കുന്നതും ആദായം സിദ്ധിക്കുന്നതായാൽ അതിലെക്കു ആയാൾക്കു അവകാശമില്ലാത്തതും ആകുന്നു.

ഒരു ദർഖാസുകാരൻ താഴെ കാണിച്ചിരിക്കുന്ന വെലയുടെ എല്ലാ തുകയ്ക്കും ദർഖാസു അയക്കെണ്ടതും നിരതദ്രവ്യമായി ൩൦൦ രൂപാ കെട്ടിവെക്കെണ്ടതും ആകുന്നു.

ദർഖാസു സ്വീകരിക്കുന്ന അധികാരം ഗവർമെന്റു അനുവാദത്തിനധീനമായി ചീഫ് ഇഞ്ചിനീയർക്കുള്ളതും അദ്ദേഹം ഏററവും കുറഞ്ഞ ദർഖാസിനെയും അല്ലെങ്കിൽ പ്രത്യേകം ഏതെങ്കിലും ദർഖാസിനെയൊ സ്വീകരിക്കെണമെന്നില്ലാത്തതും ആകുന്നു.

വെലക്കുള്ള കൺട്രാക്ട് ലെലം വിളിക്കുന്നതിനും ദർഖാസുകൾ സ്വീകരിച്ചതിനൊ ശെഷം ഇതിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യാസമായി യുക്തമായി വിചാരിക്കപ്പെടുന്ന വെറെ വിധത്തിൽ വെല നടത്തുന്നതിനും ഉള്ള അധികാരം ഡിപ്പാർട്ടുമെന്റിലെക്കുള്ളതാകുന്നു. ഈ സംഗതി കൊണ്ടും യാതൊരു ദർഖാസു ഫീസൊ തിരിച്ചു കൊടുക്കുന്നതല്ലാ.

വെല സംബന്ധിച്ചുള്ള പ്ലാൻ ആപ്പീസുള്ള ദിവസങ്ങളിൽ ആപ്പീസുള്ള സമയം ചീഫ് ഇഞ്ചിനീയർ ആപ്പീസിൽ വച്ചു കാണാവുന്നതാകുന്നു. വെലവിവരവും ഉടമ്പടിചട്ടങ്ങളും ചീഫ് ഇഞ്ചിനീയർ ആപ്പീസിലൊ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആപ്പീസിലൊ വച്ചു ആപ്പീസുള്ള ദിവസങ്ങളിൽ ആപ്പീസുള്ള സമയം കാണാവുന്നതാകുന്നു.

അച്ചടിച്ച ദർഖാസുഫാറങ്ങൾ ഒരുചക്രം വിലക്കു താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും കിട്ടാവുന്നതാകുന്നു. അച്ചടിച്ച ഫാറത്തിൽ അല്ലാതെയുള്ള ദർഖാസുകൾ സ്വീകരിക്കപ്പെടുകയില്ല എന്നില്ലാത്തതും ആകുന്നു.

ആവശ്യമുള്ള മററു വിവരങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആപ്പീസിൽ നിന്നും ലഭിക്കുന്നതാണ്.

അഞ്ചൽവഴിയൊ തപാൽവഴിയൊ രജിസ്റ്റർ ചെയ്തു വരുന്ന ദർഖാസുകൾ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന ദിവസമൊ അതിനു മുമ്പായൊ മെൽ കാണിച്ചിട്ടുള്ള നിരതദ്രവ്യത്തോടുകൂടി ഈ ആപ്പീസിൽ എത്താത്തപക്ഷം അവ സ്വീകരിക്കപ്പെടുന്നതല്ലാ.

[illegible] ഒപ്പ് കെ. ആർ. രാമസ്വാമി അയ്യങ്കാർ,
അസിസ്റ്റന്റ് ഇഞ്ചിനീയർ,
മൂവാററുപുഴ ഡിവിഷൻ.

[illegible] ഡി. എ. സ്മിത്ത്,
ചീഫ് ഇഞ്ചിനീയർ.

ടെൻഡറിൽ വില കാണിക്കേണ്ടതായ താഴെ വരുന്ന സംഖ്യ	വേലയുടെ വിവരം	ചെയ്യേണ്ടതായ ... വേലയുടെ ഏകദേശം തുക			[illegible]
		പള്ളിക്കൂടം	ഭോജനശാല	കിണറ	
൧൦൦൦ ക്യൂബിക്കടി	തോണ്ടുക മുതലായ മണ്ണ് വേല ക്യൂബിക്കടി	൧൭൧൫൩	...	൧൨൭൩	
൧൦൦ ടി	[illegible] കൊണ്ക്രീട്ട് വേല ടി	൩൨൦൦	൭൦൬	൩൧൪	
൧൦൦ ടി	[illegible] വേല ടി	൨൨൩൦൭	൧൪൩൬	൧൨൭	
൧൦൦ ടി	ചാന്തും വെട്ടുകല്ലും [illegible]	[illegible]	...	...	
൧൦൦ ടി	[illegible]				
൧൦൦ ടി	വെള്ളയടിച്ചു തേയ്ക്കുക (ഫ്ലോറ് അടിച്ച്) ടി	൩൦൪൦	...	...	
൧ ടി	രണ്ടുതരം കൊത്തിയ കരിങ്കല്ലുകൊണ്ടുള്ള വേല ടി	൩൪	...	...	
൧൦൦ സ്ക്വയാറടി	തറയിൽ കൊല്ലം തറയോടു പാകുന്നതിന സ്ക്വയാറടി	൧൦൦൭൩	...	...	
൧൦൦ ടി	തേക്കു കഴുക്കോൽ പട്ടിയൽ പട്ടിയത ആണി മരം മുതലായവ കൊണ്ടു മംഗലാപുരം ഓടുമേച്ചിലിനു വേണ്ടി മേൽക്കൂര പൂത്തിയാക്കുന്നതിന ടി	൧൭൪൭൫	൭൪൦	...	
൧ അടി	കൊടിപ്പാത്തി മൊന്തായങ്ങൾ അടി (റണ്ണിംഗഫീററ)	൭൮൦	൨൨	...	
൧൦൦ സ്ക്വയാറടി	നാല ഇഞ്ചു വീതിയുള്ള തേക്കു പലകകൾ കൊണ്ടു തട്ടിടുന്നതിന സ്ക്വയാറടി	൭൭൪൪	...	...	
൧ ക്യൂബിക്കടി	തേക്കു തടികൊണ്ടു പണിചെയ്തു ശരിയായി ഉറപ്പിച്ചു സ്ഥാപിക്കുന്ന മരവേല ക്യൂബിക്കടി	൩൪൪	൪൧	൧൧	
൧	൨൫ അടി വീതിയുള്ള കിംഗ്പോസ്റ്റുട്രസ്സ് എണ്ണം	൨൭	...	...	
ജോടി	ഉയരമുള്ള മുകളിട്ടപ്പിന (മെയിൻ ശേഷിക്കുന്ന) വ്യാളിമാനപ്പലക (ബാർജ് ബോഡ്) ജോടി	൩	...	...	
ടി	വരാന്ത മുകളിട്ടപ്പിന വ്യാളിമാനപ്പലക ടി	൭	...	...	
൧	ടിക്ക മുകളിട്ടപ്പു പലക എണ്ണം	൭	...	...	
ടി	വിചിത്ര വേലചെയ്തുണ്ടാക്കിട്ടുള്ള മുഖപ്പ് (വുഡൻ ഫിനിഷ്) വലിയത് ടി	൩	...	...	
ടി	ടി ചെറിയ ടി	൭	...	...	
ജോടി	വരാന്തയിലുള്ള തൂണുകൾക്ക ബ്രാക്കറ്റുകൾ ജോടി	൭൭	...	...	
൧ സ്ക്വയാറടി	മുഖ്യ ഹാളിൽ ക്ലാസുകൾ തിരിക്കുന്നതിന മാററി വെക്കാവുന്ന മരത്തട്ടി (വുഡൻ പാർട്ടിഷൻ) സ്ക്വയാറടി	൧൩൪൦	...	...	
൧	വരാന്തയിലുള്ള മേൽക്കൂരയിൻ വിചിത്ര വേല ചെയ്തു ഉണ്ടാക്കിട്ടുള്ള തൂക്കുപലക (തൂക്കു ബോഡ്) എണ്ണം	൭	...	...	
൧	൭ അടി × ൭ അടി ലെഡ്ജ് ബാററൺ വാതിലുകൾ ടി	൨൩	...	...	
ടി	പലകത്തുണ്ടുകൾ വച്ചു തറച്ചിട്ടുള്ള (ബോറൺ) ൭ അടി × ൩ അടി ജന്നലുകൾ ടി	൩൨	...	...	
ടി	കണ്ണാടി വിട്ടിട്ടുള്ള ൧ അടി × ൨ അടി കിളിവാതിലുകൾ (ഫാൻലൈററ്സ്) ടി	൧൦	...	...	

മാർജിനിൽ വില കാണിക്കേണ്ടതായ അളവിന്റെ സംഖ്യ	വേലയുടെ വിവരം	ചെയ്യേണ്ടതായ വേലയുടെ പുതുക്കലോ തുക		
		പുതുക്കൽ	കേടു തീർക്കൽ	കിഴിവ്
൧൦൦ സ്ക്വയർഅടി	കുമ്മായം തേക്കുക പൂശുന്നതിനു സ്ക്വയർഅടി	[illegible]	[illegible]	...
൧	അസ്ഥിവാരക്കല്ലുകൾ എണ്ണം	൩	...	...
ടി	തിരുത്തിക്കല്ല് ടി	൧	...	...
൧൦൦ സ്ക്വയർഅടി	തറയോട്ടു പിടിക്കുന്നതിനു സ്ക്വയർഅടി	[illegible]	...	...
൧൦൦ ടി	മരപ്പണിക്കു ചായമിടുന്നതിനു ടി	[illegible]	...	...
൧	പലിച്ച പലക തുണ്ടുകൾ വച്ചു തറച്ചിട്ടുള്ള (ഡബിൾ ബോർഡ്) ൩×൭ കതകുകൾ എണ്ണം	൧	൧	...
ടി	ടി ൩×൪ ജന്നലുകൾ ടി	...	൩	...
ടി	൨൦ അടി നീളമുള്ള സ്ക്രീൻപലക (ബാർജ് ബോർഡ്) ടി	...	൨	...
ടി	൩൩ അടി നീളമുള്ള ടി ടി	...	൨	...
൧൦൦ സ്ക്വയർഅടി	പോർട്ട്ലൻഡ് സിമെന്റു പൂശുന്നതിനു സ്ക്വയർഅടി	...	...	[illegible]

Notice of auction sale of certain articles.

പത്മനാഭപുരം മരാമത്തുകച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

പത്മനാഭപുരത്തു തിരുനാളിശ്ശേരിയിൽ കുതക്കളും മലയാം പള്ളിക്കൂടം വകക്കു തല്ക്കാല [illegible] കെട്ടിച്ചിട്ടുള്ള [illegible] സാമാനങ്ങൾ ലേലത്തിൽ വില്പാൻ നിശ്ചയിച്ചിരിക്കുന്ന ലേലം ഈ മാസം [illegible] ൧൦൭൩ പകൽ ൨ മണിക്കു പത്മനാഭപുരത്തുവച്ചു നടത്തപ്പെടും ലേലം വിളിപ്പാൻ ഡിപ്പാട്ടുമെൻറിലെ വ്യവസ്ഥപോലെ കൂടുതൽ തുകക്കു മററപോലെ സ്ഥിരപ്പെടുത്തുന്നതാണ ലേലം സ്ഥിരപ്പെട്ടവർ ലേലതുക ഉടൻ കെട്ടി സാമാനങ്ങളെ ൨ ദിവസത്തിനകം കൊണ്ടുപൊകണ്ടതാണ ഉടൻ പണം കെട്ടിവെക്കാതെയൊ കെട്ടിവച്ചതിന്റെശേഷം മെല്പറഞ്ഞ അവധിക്കകം സാമാനം കൊണ്ടുപൊകാതെയൊ മററൊ വിഴ്ചവരുത്തിയാൽ ആവർത്തിച്ചു ലേലം വിളിപ്പാനും അതിൽ വച്ചു വരുന്ന നഷ്ടം ആദ്യലേലക്കാരനിൽനിന്നും ഈടാക്കാനും ഇടവരും. രണ്ടാമത്തെ ലേലത്തിൽ ലാഭം വന്നാൽ ആയതിലെക്കു ആദ്യലേലക്കാരന യാതൊരു അവകാശവുമില്ലാത്തതാകുന്നു എന്നു

൧൦൭൩ കുംഭം [illegible] പത്മനാഭപുരം

സൂപ്പർവൈസർ അനന്തനാരായണയ്യർ.

സാമാനവിവരം.

മുഴുവൻ പനയിലും തെങ്ങിലും ആയി തൂൺ	൧൭
കാട്ടുതൂൺ	൯
പനയിൽ ഉത്തരം അടി	൩൧൨
മോന്തായം അടി	൧൦൭
൫ ൦ ൭ ൦ ൩ ൦ അടി നീളത്തിൽ തെററി ഉൾപ്പെട മല്ലു കൂട്ടം ..	,൧൭
പലതരത്തിൽ മുളംകഴക്കോൽ	൧൯൦

മുള വരിച്ചതുകൊണ്ടു വരിവാരി പിടിച്ചിട്ടുള്ള വരിച്ചലുകളും മെഞ്ഞിട്ടുള്ള ഓലയും.

നമ്പർ ൭൩

കൽക്കുളം മരാമത്തുകച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഇരണിയൽ കൊട്ടാരത്തിൽ വസന്തമണ്ഡപം മാററകററവും മുൻവശം ചാവടി പുത്തനായും പണി നടത്തിച്ചു വരുന്നതിൽ ഉള്ള പഴയ സാമാനങ്ങൾ ലേലത്തിൽ വില്പാൻ നിശ്ചയിച്ചിരിക്കുന്ന ലേലം ഇരണിയൽ വച്ചു ഈമാസം ൧൧൩ പകൽ ൨ മണിക്കു നടത്തുന്നതാണ ലേലത്തിൽ ഡിപ്പാട്ടുമെണ്ടു വ്യവസ്ഥപോലെ കൂടുതൽ തുകക്കു മറക്കു സ്ഥിരപ്പെടുത്തുന്നതാകുന്നു ലേലം സ്ഥിരപ്പെട്ടവർ ലേലതുക ഉടൻ കെട്ടി സാമാനങ്ങളെ ൭ ദിവസത്തിനകം കൊണ്ടുപൊകെണ്ടതാണ ഉടൻ പണം കെട്ടിവെക്കാതെയൊ പണം കെട്ടിവച്ചതിന്റെ ശെഷം സാമാനങ്ങൾ അവധിക്കകം കൊണ്ടുപൊകാതെയൊ മററൊ വിഴ്ചവരുത്തിയാൽ ആവർത്തിച്ചു ലേലം വിളിപ്പാനും അതിൽവച്ചു വരുന്ന നഷ്ടം ആദ്യലേലക്കാരനിൽ നിന്നും ഈടാക്കാനും ഇടവരും രണ്ടാമത്തെ ലേലത്തിൽ ലാഭം വന്നാൽ ആയതിലെക്കു ആദ്യലേലക്കാരന യാതൊരു അവകാശവും ഇല്ലാത്തതാകുന്നു എന്നു

൧൦൭൩ മാശി ,൧൧൩ നാഗർകൊവിൽ

സൂപ്പർവൈസർ അനന്തനാരായണയ്യൻ.

സാമാനവിവരം.

പനയിൽ ഉത്തരവും കഴിയത്തും കൊൽ ൩൧ നരക്കു വിലപണം	...	൯
ടി കഴുക്കോൽ ൩൦ക്കു	ടി ...	,൧൭
വാതു അടിപ്പുവാ പട ചിററത്തരം മുതലായ കഴിയൽ ൨ ക്കു	ടി ...	൨
പാലമെത്തം ൧൧ക്കു	ടി ...	൧
ചതിര തൂൺ ൯ക്കു	ടി ...	൯
ഉത്തരത്തൂൺ ൯ക്കു	ടി ...	൯
പൊതിയൻ ൭ക്കു	ടി ...	൧
ടിമേലുള്ള ചുവടു ൯ക്കു	ടി ...	൧
വിളക്കുമാടത്തിലെ പഴയ പടികൾ കൊൽ ൧൦൦ക്കു	ടി ...	൭
പലതരത്തിൽ കാലുകളും വിളക്കുഴികളും കൂടി കഴിയൽ ൨ക്കു	ടി ...	൩
പഴയ പട്ടിയൽ കഴിയൽ ൯ക്കു	ടി ...	൧൭
മാററകററപ്പെട്ടതും ഓട്ടവീണതും ആയ ഇരുമ്പുവിളക്കു ൨൦൦ക്കു	ടി ...	൨॥
മാററകററപ്പെട്ടു ഉടഞ്ഞതും കൊട്ടാരം ചൊച്ചമാററം ൨ക്കു പെണ്ണും നീക്കി ചിററൊടു ൩൦൦൦ക്കു	ടി ...	൩൦

ആകെ വിലപണം ൻ൨കാൽ

നമ്പർ ൮൨൭.

തിരുവനന്തപുരം താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തിരുവനന്തപുരം കോട്ടയ്ക്കകത്തു തെക്കെതെരുവിൽ കൊട്ടാരത്തിനു സമീപം ചെറിയ പൈസ്സ്യം ഇരിക്കുന്ന സ്ഥലത്തു ഒരു പുതിയ കെട്ടിടം കെട്ടുന്നതിനു ആ കച്ചേരിക്കുടം മാനേജർ മിസ്റ്റർ ബൈത്രാമല്ലിന്റ അനുവാദം കൊടുത്തിരിക്കുന്നതായും ഇപ്പോൾ ഇരിക്കുന്ന കെട്ടിടത്തിലെ സാമാനങ്ങളെ ലേലത്തിൽ വിളിച്ചു എഴുതി ബോധിപ്പിച്ചുകൊള്ളണമെന്നും ൧൦൭൮-മത നമ്പരിൽ ൧൦൭൮-മാണ്ടു കുംഭമാസം ൩൦-നു എഴുതിയ ലറർ വന്നിട്ടുള്ളതിനാലും കെട്ടിടത്തിലെ സാമാനങ്ങളെ ൧൦൭൮-മാണ്ടു മീനം ൧൦-നു സ്ഥലത്തുവച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

എല്ലാ കെട്ടിടങ്ങളുടെയും സാമാനങ്ങളെ ആവശ്യംപോലെ ഒന്നായിട്ടോ അല്ലാ ഓരൊ കെട്ടിടത്തിന്റെയും സാമാനങ്ങളെ പ്രത്യേകം പ്രത്യേകമായിട്ടോ ലേലം ചെയ്യപ്പെടും.

ലേലത്തിൽ വിളിക്കേണ്ടുന്ന മനസ്സുള്ള ആളുകൾ അന്നേദിവസം മുൻകൂട്ടി സ്ഥലത്തു ഹാജരായി ലേലസമയം കൂടുതൽ തുകക്കു വിളിക്കുകയും പണം ഉടനെ ഒടുക്കി എഴുതി ബോധിപ്പിച്ചു ലേലം സ്ഥിരപ്പെടുത്തി ഉത്തരവു വന്ന ശേഷം പെടുത്തുന്നതുപോലെ കെട്ടിടങ്ങൾ പൊളിച്ചുകൊണ്ടുപോകയും ചെയ്യേണ്ടതാകുന്നു.

ലേലത്തിൽ വിളികേട്ടതിന്റെ ശേഷം പണം ഒടുക്കാതെ മാറിപ്പോകയൊ അവധിപ്രകാരം താമസപ്പെടുത്തുകയൊ ചെയ്യുന്നതായിരുന്നാൽ ആയതിൻ ചുമ്മ ലേലം ചെയ്യുന്നതിനും ആ തുകയിൽ കുറവു വരുന്നതായാൽ ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതിനും ഇടവരുന്നതാണ. കൂടുതൽ വരുന്നതായാൽ അതെപ്പററി ആദ്യ ലേലക്കാരന അവകാശം പറഞ്ഞുകൂടാത്തതാകുന്നു എന്ന ൧൦൭൮-മാണ്ടു കുംഭമാസം ൨൬-നു

ഒന്നാം തഹശിൽദാർ റി. ഗോവിന്ദപ്പിള്ള.

Notices of escheat properties.

നമ്പർ ൧൨൯൩

കരുനാഗപ്പള്ളിറയിഞ്ചു കണക്കെഴുത്ത അസിസ്റ്റാന്റാപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തൊടിയൂര പ്രവൃത്തിയിൽ വെങ്ങായിൽ മുറിയിൽ കഴനിമൂലയിൽ വീട്ടിൽ മാതെവൻ മാതെവൻ അന്യം നിില്ലെന്ന തൎക്കപ്പെട്ട നടന്ന വിചാരണയിൽ അവകാശിയെന്ന വാദിച്ച മാതെവൻ അയ്യപ്പൻ ൧൦൭൭-മാണ്ടു തുലാമാസം ൩൦-നു മരിച്ചുപോയിരിക്കുന്നതായും അവകാശികളായി ആരും ഇല്ലെന്നും വെളിപ്പെട്ടിരിക്കുന്നതിനാൽ മാതെവൻ ശങ്കരനും മാതെവൻ അയ്യപ്പനും അവകാശികളായി ആരെങ്കിലും ഉണ്ടെങ്കിൽ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ൬൦ ദിവസത്തിനകം ഈ ആപ്പീസിൽ ഹാജരായി ബോധിപ്പിച്ചു തെളിവുകൊടുത്തു കൊള്ളണം അല്ലാത്തപക്ഷം അന്യം നിന്നുപോയെന്ന സ്ഥിരപ്പെടുത്തി തീൎമ്മാനിക്കുന്നതും അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു എന്ന

൧൦൭൮-മാണ്ടു മകരമാസം ൨൨-നു

ആക്ടിംഗ് അസിസ്റ്റന്റ രാമസ്വാമിഅയ്യർ.

നമ്പർ ൫൩

കണക്കെഴുത്ത തെക്കൻറെയിഞ്ചു അസിസ്റ്റന്റാപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കുന്നത്തൂർ അധികാരത്തിൽ മേലംകലത്തു മടമ്മതലി ചടയൻ ഇരവിക്കു അവകാശിയില്ലെന്ന രജിസ്ത്രേഷൻ വിചാരണയിൽ വെളിപ്പെട്ട പൊരുളിൽ കൊള്ളിച്ചു നടപടി നടത്തുകയും ഒരു പ്രെരകാരനു അവകാശിയെന്ന പറക്കപ്പിടാക ചെറുവിയിൽ പറക്കായിൽ മാളികമതത്തിൽ മത്തെയ്യൻ ചടയപ്പൻ കൂടക്കാർ വാദിച്ചു എഴുതിവച്ചിരിക്കുന്നുവും നൊട്ടീസു കൊടുത്തതു പ്രകാരവും തെളിവുകൊടുക്കാതിരിക്കയും ചെയ്തിരിക്കുന്നതിനാൽ മടമ്മതലി ചടയൻ ഇരവിയൊ ന്യായമായ അവകാശിയൊ ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ ൬൦ ദിവസത്തിനകം തെളിവുകളൊടുകൂടി ഹാജരായി ബോധിപ്പിച്ചുകൊള്ളണം അതിന്നുണ്ടാകും ചെയ്യാത്ത പക്ഷം അവധികഴിഞ്ഞ ഉടൻ മടമ്മതലി ചടയൻ ഇരവി അന്യംനിന്നുപ്പെന്ന സ്ഥിരപ്പെടുത്തി വസ്തുക്കളെ സൎക്കാരിൽ ചേൎപ്പാൻ ഇടവരുന്നതും പിന്നീട ബോധിപ്പിക്കുന്ന അവകാശത്തെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു

അസിസ്റ്റന്റ ശിവരാമകൃഷ്ണയ്യർ.

൩. ൭. ൭൮.

നമ്പർ ൧൨൬.

കൊട്ടാരക്കര കണ്ടെഴുത്തു സൂപ്പർവൈസ്സർ ആഫീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഇവിടെ നടക്കുന്ന രജിസ്ത്രേഷൻ വിചാരണയിൽ അന്ന്യംനിന്നുപോയതും പൊകുടിയെന്നു വെളിവായിട്ടുള്ള പുള്ളികളുടെ വകക്ക പെയർവിവരം കാണിച്ചു ഒരു ലിസ്റ്റ് ഇതൊടു ചെർത്തിരിക്കുന്നു. ലിസ്റ്റിൽ വിവരിക്കുന്ന പെരുകാറരൊ അവകാശികളൊ വല്ല സ്ഥലങ്ങളിലും പാർത്തുവരുന്നുണ്ടായിരുന്നാൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ പതിനഞ്ചു ദിവസത്തിനകം ഈ ആഫീസു മുമ്പാകെ ഹാജരായി ബോധിപ്പിച്ചു തെളിവു കൊടുക്കെണ്ടതാകുന്നു. അങ്ങിനെ അല്ലാവരികിൽ അവധി കഴിഞ്ഞ ഉടനെ ലിസ്റ്റിൽ വിവരിക്കുന്ന പെരുകാർക്കു അവകാശികളും ഇല്ലെന്നു സ്ഥിരപ്പെടുത്തി ആവശ്യമായുള്ള വസ്തുക്കൾ സക്കാരിൽ ചെർത്തു നടപടി നടത്തുമെന്നുള്ളതും അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന ആവലാധികളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു എന്നു ൧൦൭൮-ാമാണ്ട മകരമാസം ൧൮-ന

സൂപ്പർവൈസ്സർ സീതാരാമയ്യർ.

നമ്പർ	പ്രവൃത്തി	സർവേ നമ്പർ	അവകാശികളില്ലെന്നു വെളിപ്പെട്ട പുള്ളികളുടെ മുറിയും വീട്ടുപെരും പെരും
൧	പട്ടാഴിദെശം	൧൨൧	ഏറത്തു വടക്കെ തെറിയിൽ വലിയപറമ്പിൽ രെംഗസ്വാമി മെച്ചി കറമ്പി
൨	ചടയമംഗലം	൨൪൧	ചടയമംഗലത്തു മുറിയിൽ മഞ്ഞൂര വീട്ടിൽ കൊച്ചൻ നാരായണൻ
൩	ടി	൨൪൨	ടി മുറിയിൽ മെലൂട്ട പട്ട കണ്ണൻ ശങ്കരൻ
൪	ടി	൨൪൩	കൊട്ടുകര മുറിയിൽ പുളിമൂട്ട വീട്ടിൽ മാതെവൻ നാരായണൻ
൫	ടി	൨൪൪	ടി മുറിയിൽ തെറികാഴി പുരയിടത്തിൽ ശംഖം അഞ്ഞൊൻ പിച്ചാണ്ടി
൬	ടി	൨൪൫	ഇടയന്നൂ മുറിയിൽ തൊടിയിൽ പറമ്പിൽ പ്രാണൻ നാരായണൻ കാളി
൭	ടി	൨൪൬	വയലാ മുറിയിൽ ഇടയത്തു വലിയ വീട്ടിൽ രംശാരൻ കാമ
൮	ടി	൨൪൭	പൊരെടത്തു മുറിയിൽ ആലുംമൂട്ട വീട്ടിൽ മാതെവൻ നീലൻ
൯	ടി	൧൯൪	നിലമെൽ മുറിയിൽ കാവുനക്കാണത്തു പ്ലാവിള വീട്ടിൽ അയ്യപ്പൻ രാമൻ
൧൦	വെളിയം	൨൪൮	പടിഞ്ഞാററക്കര മുറിയിൽ നെല്ലിപ്പള്ളി വീട്ടിൽ നാരായണി കാളി കുഞ്ഞൻ
൧൧	അട്ടൂർ	൧൮൮	പറങ്ങോട്ടു മുറിയിൽ കന്നത്തഴികത്തു വീട്ടിൽ രാമൻ കുമാരൻ
൧൨	ഏനാദിമംഗലം	൧൮൯	കറമ്പകര മുറിയിൽ കരുവിളയ്ക്കോട്ടു മാടത്തിൽ കറ രാമൻ കൊന്നൻ
൧൩	ടി	൧൩൦	കൂടലി മുറിയിൽ കററിക്കാട്ടു വീട്ടിൽ ശങ്കരൻ രാമൻ
൧൪	വള്ളിക്കൊട്ട	൧൯൧	കൊട്ടയം മുറിയിൽ മണ്ണിൽ രെംഗം കണ്ണൊൻ മാതെവൻ
൧൫	പടിഞ്ഞാററ കല്ലട	൧൩൨	വലിയപാടം മുറിയിൽ ചെറതിട്ട വീട്ടിൽ ശങ്കരൻ പത്മനാഭൻ

നമ്പർ ൩൨൩

കരുനാഗപ്പള്ളി തായിക്കുളം കണ്ടെഴുത്തു അസിസ്റ്റാന്റാപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ചവറ പ്രവൃത്തിയിൽ പുതുക്കാട്ടുമുറിയിൽ കാവിക്കിനാൽ കുമാരൻ നാരായണന്റെ അന്ത്യംനില്പു സംഗതി വിചാരണയിൽ അവകാശം അവകാശപ്പെട്ടതായി ചവറയിൽ പുതിയകാതൽ എന്നു തിരുവനന്തപുരത്തു നെല്ലുവർ നാധികാരത്തിൽ ചാലയിൽ പഴയവീട്ടിൽനിന്നും ഭവനങ്ങളും കുടിയുള്ളതായി വെളിപ്പെട്ടിരിക്കുന്നതിനാൽ ഇതിലേക്കു അവകാശികളായി ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ൬൦ ദിവസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു തെളിവുകൊടുത്തുകൊള്ളേണ്ടതാകുന്നു അല്ലാത്ത പക്ഷം അന്ത്യംനില്പു സ്ഥിരപ്പെടുത്തി തീരുമാനിക്കുന്നതും അവധികഴിഞ്ഞു ബോധിപ്പിക്കുന്ന ആവലാധികളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു. എന്നു

൧൦൭൮ാമാണ്ടു കുംഭമാസം ൩൦-.

ആക്ടിംഗ് അസിസ്റ്റാന്റ രാമസ്വാമി അയ്യൻ.

Notices of unclaimed properties.

നമ്പർ ൪൩൩.

ആലപ്പുഴ ഡിസ്ത്രിക്ട മജിസ്ത്രേറ്റ കോടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ആലപ്പുഴ ജയിലിൽ ശിക്ഷ അനുഭവിച്ചു വരുന്ന ൩൩൦ാം നമ്പർ വിലങ്ങൻ മാർക്ക് പൈലി എന്നവൻ ഈ മാസം ൧൭- കടപ്പുറത്തു വേലചെയ്തു നിൽക്കുംപോൾ കണ്ടെടുത്തു ജയിലറുടെ അടുക്കൽ ഹാജരാക്കി റിപ്പോർട്ട് സഹിതം വന്ന സ്ഥലം പോലീസ് സ്റ്റേഷനിൽ അയച്ചു സൂക്ഷിച്ചിരിക്കുന്നതും വൃത്താകാരത്തിൽ ഓടുകൊണ്ടു വാർത്തുണ്ടാക്കി മുകളിൽ ഒരു ചെറിയ പിടിയുള്ളതും "അബ്ബ്ലാസ്സ ചെഡിതാ" എന്നു ഇംഗ്ലീഷിൽ കൊത്തിയിട്ടുള്ളതും ആയ ഒരു മുദ്രക്കു ഉടമസ്ഥനുണ്ടായിരുന്നാൽ ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ ൬൦ ദിവസത്തിനകം ഇവിടെ ഹാജരായി ബോധിപ്പിച്ചു തെളിവുകൊടുത്തു വാങ്ങിക്കൊള്ളാത്ത പക്ഷം ആയതു മുറപ്രകാരം ലേലംചെയ്തു ഉണ്ടാകുന്ന പണം സർക്കാരിലേക്കു മുതൽക്കൂട്ടുന്നതാകുന്നു എന്നു

൧൦൭൮ കുംഭം ൧൩-

ഡിസ്ത്രിക്ട മജിസ്ത്രേറ്റ മിസ്റ്റർ, സി, ജെ, മാർട്ടിൻ.

നമ്പർ ൩, ൧൦. ൭. ൭൮

കമ്പി.

ആലപ്പുഴ മുതൽ കോട്ടയം വരെ തപാൽ വള്ളത്തിൽ ശിപായിയായിരുന്ന മരിച്ചുപോയ കുഞ്ഞുപിള്ളയ്ക്കു ൧൦൭൭ാമാണ്ട കർക്കടകമാസം ൧൮- മുതൽ ൧൨൭- വരെയും ൨൧൭- മുതൽ ൩൦- വരെയും ശമ്പളം വകയിൽ വൻകാലേ മാഹാണി അരമാഹാണി പണം ചെല്ലുവാനുള്ളതു ആലപ്പുഴ ട്രഷറി ആപ്പീസിൽ അനാമത്തു വെച്ചിരിക്കുന്നു. മേൽ വിവരിച്ച കുഞ്ഞുപിള്ളയുടെ അവകാശികളായി ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം വിശ്വാസയോഗ്യമായ തെളിവുകളോടുകൂടി ഹാജരായി വാങ്ങിക്കൊള്ളേണ്ടതും അങ്ങനെ വാങ്ങാത്തപക്ഷം അവധി കഴിഞ്ഞാൽ ഉടൻ ഈ വക പണം സർക്കാരിലേക്കു മുതൽക്കൂട്ടുന്നതുമാകുന്നു.

അഞ്ചൽ സൂപ്രന്റന്റ തിരവിയംപിള്ള.

നമ്പർ ൧൧൧൦.

തിരുവനന്തപുരം ടൌൺ ൨ാം ക്ലാസ്സ മജിസ്ത്രേറ്റ കോടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥന്റെ നിശ്ചയമില്ലാതെ ഉഴന്നു സഞ്ചരിച്ചു കിള്ളിപ്പാലത്തിനു സമീപം കടയിൽചെന്നു കേറപ്പെട്ടതായി കച്ചവടം ഏല്പിച്ചു ഹാജരാക്കിയിരിക്കുന്ന ചിപ്പി ജാതിയെന്നു പറയത്തക്കതും രണ്ടു ചെവിയും അതോടു ചേർന്ന നെറ്റിയും ഇടതു വശത്തു ചെകിളകയും കറുപ്പും ശേഷം വെള്ളയും നിറമുള്ളതും ആയ ഒരു ചെറിയ ആൺ പട്ടിക്കു ഉടമക്കാര ഉണ്ടായിരുന്നാൽ ഈ പരസ്യത്തിലെ തീയതി മുതൽ ഒരു മാസത്തിനകം ഹാജരായി ബോധിപ്പിച്ചു തെളിവു കൊടുപ്പാനുള്ളതും അതിന്മണ്ണം ചെയ്യാത്ത പക്ഷം ലേലത്തിൽ വിൽപ്പിച്ചു ഉണ്ടാകുന്ന പണത്തിൽ തീറ്റിച്ചിലവു കഴിച്ചു ബാക്കി ഉണ്ടായിരുന്നാൽ സർക്കാരിലേക്കു മുതൽക്കൂട്ടുന്നതും ആകുന്നു എന്നു ൧൦൭൮ാമാണ്ടു കുംഭമാസം ൧൧-

൨ാം ക്ലാസ്സ മജിസ്ത്രേറ്റ എസ്സ്. നാരായണയ്യർ.

തിരുവട്ടാർ ൨-ാം ക്ലാസ മജിസ്ത്രേട്ടുകോടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥനാരെന്നു നിശ്ചയം ഇല്ലാതെ തിരുവട്ടാർ രജിസ്ത്രാർകച്ചേരിക്കു കിഴക്കുവശം വരാന്തയിൽ കിടന്നു കിട്ടിയതും ശിപായി രാമൻപിള്ളയുടെ ഹർജി സഹിതം കോടതിയിൽ ഹാജരാക്കിയതുമായ ൧൦ കമ്പിയിൽ കോർത്ത ശീലക്കുടയെ വാറണ്ടു സഹിതം തിരുവട്ടാർ പ്രൊവൃത്തി [illegible] സൂക്ഷിപ്പിച്ചിരിക്കുന്നതിനാൽ അതിലേക്കു ഉടമസ്ഥനായി ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം ഗെസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ [illegible] മാസത്തിനകം ഈ കോടതിയിൽ ഹാജരായി തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു. അതിനകം ചെയ്യാത്ത പക്ഷം അവധികഴിഞ്ഞാൽ ഉടനെ ലേലം ചെയ്തു സർക്കാരിലേക്കു മുതൽകൂട്ടുന്നതാകുന്നു എന്നു.

൧൦൭൮ കുംഭം ൧൫-ാം

ആ, ൨-ാം ക്ലാസ മജിസ്ത്രേട്ട നീലകണ്ഠപ്പിള്ള.

Statement of property held as security for the performance of contracts with Government.

നമ്പർ ൧൨൨.

കാർത്തികപ്പള്ളി താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

പത്മനാഭപുരം ഉൾപ്പട്ട ൧൦൭൮-ാമാണ്ടത്തെ കൊപ്രകുത്തക ഏറ്റിട്ടുള്ള ശിവരാമൻ വാണിയം ടി കുത്തകക്ക ൧൫൦൦ രൂപയാം ഡെമാണ്ടിനു ജാമ്യത്തിനു പകരം ടി രാമൻ അവകാശമായി അനുഭവിച്ചുവരുന്ന മുടക്കിളം പുരയിടം ൧൦൦ൽ ആലറ തെക്കു [illegible] ഒരു കലത്തിൻ കിഴക്കുമാറി തെങ്ങ് ഒന്നു വിര അടിംകരണിയും നിലങ്ങളെ ജാമ്യത്തിൽ ഉപയോഗപ്പെടുത്തണമെന്നു ബോധിപ്പിച്ചു ഉത്തരവുപ്രകാരം ആ നിലങ്ങളെ ൧൫൦൦ പണമായിട്ട ജാമ്യത്തിനു കൊള്ളിച്ചു എഴുതി ബോധിപ്പിച്ചിരുന്നതിനു അതിലുള്ളതുമായിരുന്നാൽ ജാമ്യം സ്ഥിരപ്പെടുത്തി മുറക്കു ഉടമ്പടി എഴുതി വെപ്പിച്ചു കുത്തക നടത്തിക്കയും ജാമ്യത്തിൽ കൊള്ളിച്ചിരിക്കുന്ന വിവരത്തിനു ഗെസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനു പരസ്യം തയാറാക്കി അയച്ചു എഴുതി ബോധിപ്പിക്കയും ചെയ്യേണമെന്നു ൧൦൭൮ മാണ്ടു [illegible] നമ്പരിൽ ധനുമാസം [illegible]-ാം എഴുതിയ ഉത്തരവുപ്രകാരം മേൽവിവരിച്ച നിലങ്ങളെ ൧൫൦൦ പണത്തിനു ജാമ്യം സ്ഥിരപ്പെടുത്തി ഉടമ്പടി എഴുതി വെപ്പിച്ചിരിക്കുന്നതും മേൽപ്പറഞ്ഞ നിലങ്ങൾ ഇടുക്കുബാദ്ധ്യത മുതലായി യാതൊന്നിലും ഉൾപ്പെട്ടിട്ടില്ലെന്നു രജിസ്തരിൽ നിന്നും എഴുതി വന്നിട്ടുള്ളതും ആകകൊണ്ടു ഈ വസ്തുക്കളെ യാതൊരുത്തരും അന്യാധീനപ്പെടുത്തി യാതൊരു വിധത്തിലും എഴുതിവാങ്ങിച്ചുകൂടാത്തതും അങ്ങനെ ഉണ്ടാകുന്ന പ്രമാണങ്ങൾ സാധുവായിവരുന്നതല്ലാത്തതും ആകുന്നു എന്നു

൧൦൭൮ മാണ്ടു കുംഭമാസം ൧൦-ാം

തഹശിൽദാർ എം. സി. നാരായണപിള്ള.

Notice

Is hereby given that the Government vaccine Depôt, Trivandrum, will be open for vaccination from 8 to 10 A. M. on all the office days of the ensuing week.

S. RAMAKRISHNA PILLAI L. M. & S.
District Sanitary Officer
In charge.

Govt. Vaccine Depôt,
Trivandrum,
7th Mar. 1903.

നോട്ടീസ്.

തിരുവനന്തപുരം ഗവർമ്മെന്റു വാക്സിയിൻ ഡിപ്പോവിൽ വരുന്ന ആഴ്ചയിലെ കച്ചേരിയുള്ള എല്ലാ ദിവസങ്ങളിലും കാലത്തു ൮ മണി മുതൽ ൧൦ മണി വരെ ഗോവസൂരി പ്രയോഗം ചെയ്യപ്പെടുന്നതാകുന്നു

തിരുവനന്തപുരം ഗവർമ്മെന്റുവാക്സിയിൻ
ഡിപ്പോ സൂപ്രണ്ടെണ്ടു ജോലി
നോക്കുന്ന ഡിസ്ത്രിക്ട സാനി
ട്ടെറി ആപ്പീസർ
എസ്സ്. രാമകൃഷ്ണപിള്ള എൽ. എം. എസ്സ്.

ഗവർമ്മെന്റു വാക്സിയിൻ ഡിപ്പോ
തിരുവനന്തപുരം ൧൦൭൮ മാശി ൨൩-ാം

തിരുവനന്തപുരം സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്യുതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വകകൾ ൧൦൭൮-ാമാണ്ടത്തെ ൩൦-ാം നമ്പ്ര വകപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതിയ ലിസ്റ്റ.

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്കയൊ നിഷെധിക്കയൊ ചെയ്തു				ആധാരം രജിസ്റ്റർ ചെയ്തതൊ നിഷെധിച്ചതൊ എന്നു	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പെരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പെരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പെരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ടു	മാസം	തീയതി	ആണ്ടു	മാസം	തീയതി	നമ്പ്ര					
൧൦൭൮	ധനു	൨൩	൧൦൭൮	ധനു	൨൩	[illegible]	രജിസ്റ്റർ ചെയ്തു	കഴിവിള്ളാകത്തു വീട്ടിൽ കെശവൻ മാതെവൻ	വാരവിള്ളാകത്തു വീട്ടിൽ പത്മനാഭൻ മാതെവൻശാമിനാഥൻ	ടി ശാമിനാഥൻ	രൊണ്ടത്തെക്കു ൩൭൦ പണം പാട്ടം നിശ്ചയിച്ചു എഴുതി കൊടുത്ത എതിർപാട്ടആധാരം
൧൦൭൮	മകരം	൭	൧൦൭൮	മകരം	൭	[illegible]	രജിസ്റ്റർ ചെയ്തു	ഉഴററകഴി പുരയിടത്തിൽ കശമാടൻ പിച്ചാണ്ടി	കല്ലുവെട്ടാംകഴി പുരയിടത്തിൽ നിലകണ്ഠൻ പപ്പു	ടി കശമാടൻ പിച്ചാണ്ടി	മെലിറക്കി തീർക്കേണ്ട ൭൭൭ ഉപാക്ക എഴുതി കൊടുത്ത ചിട്ടിപണയാധാരം
൧൦൭൮	മകരം	൯	൧൦൭൮	മകരം	൯	[illegible]	രജിസ്റ്റർ ചെയ്തു	അമ്പലത്തുംവിള്ളാകം പുരയിടത്തിൽ അബ്ദുൽസാക്ക ഉസനാരുപിള്ള	ചന്തവിള്ളാകം പുരയിടത്തിൽ ചെയ്തുമുഹമ്മതു ഉസ്മാൻകഞ്ഞു	ടി ഉസ്മാൻകഞ്ഞു	രൊണ്ടത്തെ കാലാവധിയും ഒന്നു പണം പാട്ടവും നിശ്ചയിച്ചു സ്ഥാവരവസ്തു സംബന്ധിച്ചു എഴുതിക്കൊടുത്ത വെൺപാട്ട ആധാരം

൧൦൭൮-ാമാണ്ടു ധനുമാസം ൨൦-നു.

സബ്ബ രജിസ്ത്രാർ വി. പത്മനാഭയ്യർ.

തിരുവനന്തപുരം സബ്ബ രജിസ്ത്രാർ കച്ചേരിയിൽ രജിസ്തർ ചെയ്യതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വക ൧൦൭൫-ാമാണ്ടത്തെ ൩-ാം നമ്പ്ര വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച എഴുതിയ ലിസ്റ്റ്.

ആധാരം ഹാജരാക്കിയ			രജിസ്തർ ചെയ്കയോ നിഷേധിക്കയോ ചെയ്ത				ആധാരം രജിസ്തർ ചെയ്കയോ നിഷേധിക്കയോ ചെയ്തതെന്ന്	ആധാരം എഴുതികൊടുത്ത കക്ഷിയുടെ പെരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പെരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പെരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തിയതി	ആണ്ട	മാസം	തിയതി	നമ്പർ					
൧൦൭൯	മെടം	൪൫	൧൦൭൯	മെടം	൪൫	൩൨൨൫	രജിസ്തർചെയ്തു	പന്നവിളാകത്തു വീട്ടിൽ മത്തുരാമ ഉച്ചിനിമാ കാളിട്ടിൽ	കൊട്ടയടിവിളാകത്തുവീട്ടിൽ കൃഷ്ണൻ നിലകണ്ഠൻ	ടി കൃഷ്ണൻ നിലകണ്ഠൻ	ആണ്ടൊന്നുക്ക ൩൦ ബ്രിട്ടിഷ്ക്രപ്പയും ൩ സംവത്സരത്തെ കാലസംഖ്യയും വച്ച ഇളകാത്ത വസ്തു സംബന്ധിച്ച എഴുതികൊടുത്ത എതിർപാട്ടം
൧൦൭൯	ഇടവം	൫	൧൦൭൯	ഇടവം	൫	൩൩൭൭	രജിസ്തർചെയ്തു	ചിററെത വീട്ടിൽ കണക്ക മാത്താണ്ടൻ കമാരൻ	ഉടയാററകൊണത്തുവീട്ടിൽ കൃഷ്ണൻ വെലായുധൻ	ടി കൃഷ്ണൻ വെലായുധൻ	൭൦൦ പണം പററി എഴുതികൊടുത്ത രസീതു
൧൦൭൯	ഇടവം	൩൪	൧൦൭൯	ഇടവം	൩൪	൩൪൧൦	രജിസ്തർചെയ്തു	ആവിട്ടഅമ്മാൾ അനന്തലക്ഷ്മിഅമ്മാൾ	തെവരുവിളാകത്തു വീട്ടിൽ വ്യാഗപ്പൻ വ്യാഗപ്പനാശാരി	ടി അനന്തലക്ഷ്മി അമ്മാൾ	൪൦൦ പണം വാങ്ങി എഴുതികൊടുത്ത പുറതെഴുത്തു

൧൦൭൯-ാമാണ്ട ധനുമാസം ൨൦-നു

സബ്ബ രജിസ്ത്രാർ വി. പത്മനാഭയ്യൻ.

തിരുവനന്തപുരം സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിലൊ നിഷേധിച്ചതിലൊ ചോദിക്കാതെകിടപ്പുള്ള ആധാരങ്ങളുടെ വക ൧൦൭൮ ാമാണ്ടത്തെ റൂൾസ്സിൽ ൩൩ ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതു അനുസരിച്ച് എഴുതിയ ലിസ്റ്റ

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്കയൊ നിഷേധിക്കയൊ ചെയ്ത				ആധാരം രജിസ്റ്റർ ചെയ്തതൊ നിഷേധിച്ചതൊ എന്ന്	ആധാരം എഴുതിക്കൊടുത്ത ആളുകളുടെ പെരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുകളുടെ പെരും വിവരവും	ആധാരം ഹാജരാക്കിയ ആളുകളുടെ പെരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട്	മാസം	തീയതി	ആണ്ട്	മാസം	തീയതി	നമ്പ്ര					
൧൦൭൮	കുംഭം	൨൦	൧൦൭൮	കുംഭം	൨൦	൨.൨.൭൭	രജിസ്റ്റർചെയ്തു	തെരുവിള പുരയിടത്തിൽ അരത്തൻ കമാരൻ	കുററിക്കാട്ടു പുരയിടത്തിൽ പൊടിയൻ കെശവൻ	ടി അരത്തൻ കമാരൻ	ഉളകാണവസ്തു സംബന്ധിച്ചു എഴുതികൊടുത്തിരുന്ന പാട്ട ആധാരത്തിന്റെ ഒഴിവുമുറി
		൨൮			൨൮	൨൩.൦൦		കല്ലുകൊണ്ടം പുരയിടത്തിൽ മല്ലൻ മല്ലൻ	നെട്ടറത്തല വിട്ടും നേമ്പ്രവീട്ടും ഒള്ള പുത്തൻവീട്ടിൽ നങ്ങമ ചെമ്പകക്കുട്ടി	ടി മല്ലൻ മല്ലൻ	൧൫൦ പണം വാങ്ങിച്ചുകൊണ്ടു ഉളകാണവസ്തു സംബന്ധിച്ചു എഴുതികൊടുത്ത ഒഴിവുമുറി
		൨൯			൨൯	൨.൭൧൫		തൊപ്പിൽ പുത്തൻ മഠത്തിൽ പാക്കം തെക്കെടത്തില്ലത്തു ഇരവി നാരായണൻ ഇളയതു	നടുവില വീട്ടിൽ രാമൻ നരസിംഗൻ	ടി നരസിംഗൻപിള്ള	൭൫ രൂപാ പററി എഴുതികൊടുത്ത ഉളകാണ വസ്തുവിന്റെ ഒഴിവുമുറി

൧൦൭൮ ാമാണ്ട ധനുമാസം ൩൦ന്.

സബ്ബ രജിസ്ട്രാർ റി. പത്മനാഭയ്യർ.

തിരുവനന്തപുരം സബ് രജിസ്ട്രാർ കച്ചേരിയിൽ രജിസ്തർ ചെയ്തതിലും നിഷേധിച്ചതിലും ചോദിക്കാതെകിടപ്പുള്ള ആധാരത്തിന്റെ വക

൧൦൯൪ാമാണ്ടത്തെ ൫ാം നമ്പ്ര റെഗുലേഷന്റെ ൭൩-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച എഴുതിയ ലിസ്റ്റ.

ആധാരം ഹാജരാക്കിയ — ആണ്ട	മാസം	തിയതി	രജിസ്തർചെയ്കയോ നിഷേധിക്കയോ ചെയ്ത — ആണ്ട	മാസം	തിയതി	നമ്പർ	രജിസ്തർ ചെയ്കയോ നിഷേധിക്കയോ ചെയ്തു എന്നു	ആധാരം എഴുതി കൊടുത്ത ആളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
൧൦൯൩	മീനം	൨൨	൧൦൯൩	മീനം	൨൨	൨൭൪൧	രജിസ്തർ ചെയ്തു	പിലാവണ്ണറനില്ലം പുരയിടത്തിൽ മാടൻ മാതേവൻ	തുമ്പടി പുരയിടത്തിൽ കാളിയമ്പി	ടി മാടൻ മാതേവൻ	൩൦൦ പണം വാങ്ങി എഴുതി കൊടുത്ത രസീതു
		൨൪			൨൪	൨൭൩൧		കയ്യാലക്കൽ വീട്ടിൽ അയ്യപ്പൻ കൃഷ്ണൻ	തുരുത്തിപ്പള്ളി പുരയിടത്തിൽ പീരുമഹമ്മതു മഹമ്മതുകണ്ണു	ടി അയ്യപ്പൻ കൃഷ്ണൻ	മെല്പാക്കി തീർക്കേണ്ട ൨൪൦ രൂപാ മടക്കി കൊടുക്കാത്ത വസ്തുവിനെ ഒരംഗകൊടുത്തു എഴുതികൊടുത്ത ചിട്ടിപ്പണയാധാരം
		൨൩			൨൩	൨൭൯൨		കുന്നത്തുവിളാകം മെക്കുംമുറി പുരയിടത്തിൽ പെരുമാറം കൊച്ചുപെണ്ണു	വെളിപുരയിടത്തിൽ മാത പാർവ്വതി	മാത പാർവ്വതി	൧൪൦൦ പണം പററി എഴുതി കൊടുത്ത പുറത്തെഴുത്തു

൧൦൯൪ാമാണ്ടു ധനുമാസം ൨൦നു.

സബ്ബ്രജിസ്ട്രാർ വി. പത്മനാഭയ്യൻ,

തിരുവനന്തപുരം സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിലൊ നിഷേധിച്ചതിലൊ ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ [illegible]
൧൦൭൮ ാമാണ്ടത്തെ റൂൾസിൽ ൩൩ ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതു അനുസരിച്ച എഴുതിയ ലിസ്റ്റ

ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്ത				ആധാരം രജിസ്റ്റർ ചെയ്തതോ നിഷേധിച്ചതോ എന്നുള്ള വിവരം	ആധാരം എഴുതിക്കൊടുത്ത ആളുകളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുകളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളുകളുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട്	മാസം	തീയതി	ആണ്ട്	മാസം	തീയതി	നമ്പ്ര					
൧൦൭൮	മിഥുനം	[illegible]	൧൦൭൮	മിഥുനം	[illegible]	[illegible]	രജിസ്റ്റർ ചെയ്തു.	വാവവിളാകം പുരയിടത്തിൽ മാതേവൻ വേലായുധൻ	മാത്രവീട്ടിൽ വേലായുധൻ ശങ്കരൻ	ടി വേലായുധൻ ശങ്കരൻ	അടച്ചുകെട്ടാറില്ലാ ആണ്ടൊന്നുക്കു ൭൰ രൂപാ പാട്ടവും ആയതു ൭൰ രൂപായ മറിപ്പേറു വാങ്ങിയുള്ളതായ വസ്തു സംബന്ധിച്ച എഴുതിക്കൊടുത്ത പാട്ടാധാരം ഏതിരു
	ടി	[illegible]		ടി	[illegible]	[illegible]		കൊഴിക്കളങ്ങര ബംഗ്ലാവിൽ ഉമയമ്മാൾ ലക്ഷ്മി	വട്ടവിളാകത്തുവീട്ടിൽ അപ്പാവു സദാശിവൻ	ടി ഉമയമ്മ ലക്ഷ്മി	ആണ്ടു ൧ക്കു ൧൰൦ ബ്രിട്ടീഷ് രൂപാ വീതം പാട്ടം നിശ്ചയിച്ചുള്ളതായ നാലുസ്ഥലം സംബന്ധിച്ച എഴുതിക്കൊടുത്ത പാട്ടാധാരം.
	കർക്കടകം	൨		കർക്കടകം	൨	[illegible]		തുണ്ടുവിളാകം പുരയിടത്തിൽ നാരായണൻ താമൻ	പുലാവണ്ണൂറാനിളം പുരയിടത്തിൽ മാതേവി കാളി	ടി മാതേവി കാളി	൨൧൦൦ പണം പണയം എഴുതിക്കൊടുത്ത പണയത്തീറു

൧൦൭൮ ാമാണ്ടു ധനുമാസം ൨൦ നു. സബ്ബ രജിസ്ട്രാർ വി. പത്മനാഭയ്യൻ.

തിരുവനന്തപുരം സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്തർ ചെയ്തതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ ... ൧൦൭൭-ാമാണ്ടത്തെ ൧൦-ാം നമ്പർ വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ചു എഴുതിയ ലിസ്റ്റ.

ആധാരം ഹാജരാക്കിയ			രജിസ്തർ ചെയ്കയൊ നിഷേധിക്കയൊ ചെയ്ത				ആധാരം രജിസ്തർ ചെയ്തതൊ നിഷേധിച്ചതൊ എന്ന	ആധാരം എഴുതിക്കൊടുത്ത കക്ഷിയുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പേരും വിവരവും	ആധാരത്തിന്റെ വിവരം
ആണ്ട്	മാസം	തീയതി	ആണ്ട്	മാസം	തീയതി	നമ്പർ					
൧൦൭൭	തുലാം	൨൮	൧൦൭൭	തുലാം	൨൪	[illegible]	രജിസ്തർ ചെയ്തു	പറത്തിമൂട്ടവുപുരയിടത്തിൽ ചെയ്തുമുഹമ്മദുല്ല കമലദീൻ കുഞ്ഞുലബ്ബ	ആയില്യത്തിരുനാളും മററും ഉള്ള അമ്മ മഠത്തിൽ ത്രിവിക്രമൻ വാസുദേവർ	ടിയാന്റെ കാര്യസ്ഥൻ സാരംഗപാണി അയ്യർ അനന്ത സുബ്ബയ്യർ	സ്ഥാവരവസ്തു സംബന്ധിച്ചു ൭൦൦ പണം കൊടുത്തു എഴുതി കൊടുത്ത കാണപ്പാട്ട ഒററി ആധാരം
	”	൨൭		”	൨൭	൧൮൭൩		ചാട്ടറവിളാകത്തുവീട്ടിൽ നായിനാരതസൂര്യനാരായണ പിള്ള	പുത്തൻവീട്ടിൽ സുബ്രഹ്മണ്യപിള്ള തിത്താരപ്പാ പിള്ള	ടി തിത്താരപ്പാപിള്ള	സ്ഥാവരവസ്തു സംബന്ധിച്ചു ൨൫൦൦ പണം പററി എഴുതി കൊടുത്ത വിലയാധാരം
	വൃശ്ചികം	൨		വൃശ്ചികം	൪	൧൮൯൭		മങ്കളാവു തുണ്ടുവിളാകം പുരയിടത്തിൽ കൊച്ചുപെണ്ണു കുട്ടി	വാരിക്കാട്ടുവീട്ടിൽ പെരിച്ചിമുത്തു ചുടലമുത്തു	ടി കൊച്ചുപെണ്ണു കുട്ടി	സ്ഥാവരവസ്തുവിനെ സംബന്ധിച്ച ൨൫... പണം പററി എഴുതികൊടുത്ത ഒഴിവുമുറി

൧൦൭൭-ാമാണ്ടു ധനുമാസം ൧൦-ാം

സബ്ബ രജിസ്ട്രാർ വി. പത്മനാഭയ്യൻ.

തിരുവനന്തപുരം സബ്ബ രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തതിലും നിഷേധിച്ചതിലും ചോദിക്കാതെ കിടപ്പുള്ള ആധാരങ്ങളുടെ വക ൧൦൭൭ാമാണ്ടത്തെ ൩൦ നമ്പ്ര വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച എഴുതിയ ലിസ്റ്റ്.

ആധാരം ഹാജരാക്കിയ.			ആധാരം രജിസ്റ്റർ ചെയ്കയൊ നിഷെധിക്കയൊ ചെയ്ത				ആധാരം രജിസ്റ്റർ ചെയ്കയൊ നിഷെധിക്കയൊ ചെയ്തത എന്ന	ആധാരംഎഴുതികൊടുത്ത കക്ഷിയുടെ പെരും വിവരവും	ആധാരം എഴുതി വാങ്ങിയ കക്ഷിയുടെ പെരും വിവരവും	ആധാരം ഹാജരാക്കിയ കക്ഷിയുടെ പെരുംവിവരവും	ആധാരത്തിന്റെ ചുരുക്കം
ആണ്ട	മാസം	തിയതി	ആണ്ട	മാസം	തിയതി	നമ്പർ					
൧൦൭൭	വൃശ്ചികം	൨	൧൦൭൭	വൃശ്ചികം	൨	൧൬൭൦	രജിസ്റ്റർചെയ്തു	മുത്തയ്യൻ കൃഷ്ണയ്യൻ	കണ്ണുവീട്ടുവിളാകം പുരയിടത്തിൽ ചോരിമുത്തുശങ്കരലിംഗം	ടി ചോരിമുത്തു ശങ്കരലിംഗം	൩൦൦ പണംപററി ആധാരവസ്തുവിനെ ഒഴിവെഴുതികൊടുത്ത ഒരു ഒററിആധാരത്തിന്റെ ഒഴിവുമുറി.
		൧൮			൧൮	൧൮൬൪		വയക്കൊണത്തുവീട്ടിൽ അയ്യപ്പൻ രാമൻ	ചരുയിരാവിളാകം പുരയിടത്തിൽ ചെയ്യുമുഹമ്മതു സ്വാൽകണ്ണു	ടി അയ്യപ്പൻ രാമൻ	൫൦ പണം മാരായം വാങ്ങി ആണെങ്കിലും ൩ പണം പാട്ടം നിശ്ചയിച്ചും ൩ സംവത്സരത്തെക്ക എഴുതികൊടുത്ത പാട്ടആധാരം
		൨൨			൨൨	൨൨൭൨		ആട്ടററത്തലവീട്ടിൽ നിന്നും മാററത്തല വീട്ടിൽ മാതെവൻ കൃഷ്ണൻ	മടച്ചാണ്ടത്തു വീട്ടിൽ ഗോവിന്ദൻ പത്മനാഭൻ	ടി ഗോവിന്ദൻ പത്മനാഭൻ	ആധാരവസ്തുവിനെ സംബന്ധിച്ചു അതുവരെക്കുള്ള പണം പാട്ടത്തിനുമേൽ ഉണ്ടായിരുന്ന ഒററിയെ ഒഴിവെഴുതികൊടുത്ത പാട്ടഒഴിവ്

൧൦൭൮-ാമാണ്ട ധനുമാസം ൨൦-ാം

സബ്ബ രജിസ്ട്രാർ വി. പത്മനാഭയ്യൻ.

തിരുവനന്തപുരം സബ് രജിസ്ട്രാർ കച്ചേരിയിൽ രജിസ്റ്റർ ചെയ്തിട്ടും നിരസിച്ചതിലും ചൊല്ലിക്കാരെ കിട്ടേണ്ടുള്ള ആധാരങ്ങളുടെ ൧൦൯൯-ാമാണ്ടത്തെ ൧൦-ാം നമ്പർ വകുപ്പിൽ വിവരിച്ചിരിക്കുന്നതനുസരിച്ച് എഴുതിയ ലിസ്റ്റ്.

ആധാരം ഹാജരാക്കിയ ആണ്ട്	മാസം	തീയതി	രജിസ്റ്റർ ചെയ്കയോ നിഷേധിക്കയോ ചെയ്ത ആണ്ട്	മാസം	തീയതി	നമ്പർ	രജിസ്റ്റർ ചെയ്തോ നിഷേധിച്ചോ എന്ന	ആധാരം എഴുതി കൊടുത്ത ആളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളുടെ പേരും വിവരവും	ആധാരത്തിന്റെ ചുരുക്കം
൧൦൯൯	കന്നി	൨൦	൧൦൯൯	കന്നി	൨൦	൩൭൪	രജിസ്റ്റർ ചെയ്തു	വാവവിളാകത്തുവീട്ടിൽ സുബ്രഹ്മണ്യപിള്ള പൊന്നമ്പലംപിള്ള മുതൽപേർ	ഉണ്ടവിളാകം പുരയിടത്തിൽ കാസ്യൻപിള്ള സത്താർപിള്ള	ടി പൊന്നമ്പലംപിള്ള	സ്ഥാവരവസ്തുവിനെ ഈടുകൊടുത്തു മേത്ത ഇറക്കി തിരിക്കേണ്ട ..അര രൂപായ്ക്കു എഴുതി കൊടുത്ത ചിട്ടിപണയാധാരം
	തുലാം	൧൮		തുലാം	൧൮	൧൦൩൨		ഇടത്തിങ്ങാവീട്ടിൽ നീല മകൻ പെരുമാൾ മുതൽ പേർ	കല്ലുവീട്ടിൽ അയ്യപ്പൻപിള്ള അനന്തിരവൻ നാരായണപിള്ള	ടി നീലമകൻ പെരുമാൾ	സ്ഥാവരവസ്തുവിനെ സംബന്ധിച്ചു ൧൫൦ പണത്തിനു എഴുതികൊടുത്ത ഉഭയൊറ്റിയും കുഴിക്കാണവും ആധാരം
	ടി	൧൮		ടി	൧൮	൧൦൩൩		കഴിവിളാകം പുരയിടത്തിൽ ചിന്നമകൻ കാളി മുതൽ പേർ	കഴിവിളാകം പുരയിടത്തിൽ കാളി ചിന്ന	ടി കഴിവിളാകം പുരയിടത്തിൽ മാടൻ കൃഷ്ണൻ	സ്ഥാവരവസ്തുവെ സംബന്ധിച്ച ൨൫൦ പണത്തിനു എഴുതികൊടുത്ത ഒഴിവുമുറി ആധാരം

൧൦൯൯-ാമാണ്ട ധനുമാസം ൨൦-നു

സബ് രജിസ്ട്രാർ വി. പത്മനാഭയ്യൻ.

PROCEEDINGS OF THE HIGH COURT OF TRAVANCORE
Dated 28th thye 1078.

Read again Civil and Sessions Returns for the 1st quarter of 1078.

The outturn of work in the District and Sessions Courts and in the Munsiff's Courts is respectively presented in the annexed statements A and B.

District and Sessions Courts.

2. The disposal of Ordinary Suits largely exceeded the institutions in the Trivandrum District Court, being 64 against 23, and by one each at Nagercoil and Quilon, being 15 and 23 against 14 and 22. In the other two courts viz. Alleppey and Parur, the No. of Regular Appeals disposed of was in excess of the No. instituted. Trivandrum and Parur alone had a few Small Causes on their files and they disposed of 5 and 2 leaving in arrear 3 and 1 respectively. The largest disposal of all classes of civil cases is exhibited by the Trivandrum District Court, being 64 O. S., 136 A. S., 9 C. M. Appeals and 5 S. C.

